2013 – 14

# വിജയഭേരി

## വിദ്യാഭ്യാസ പദ്ധതി
## മലപ്പുറം ജില്ലാപഞ്ചായത്ത്

പരിഹാരബോധനപ്രവർത്തനങ്ങൾക്ക്

**അധ്യാപകർക്കുള്ള കൈപുസ്തകം**

**മലയാളം**

**ക്ലാസ് – 4 , 7**

## ആമുഖം

കഴിഞ്ഞ വർഷം നടത്തിയതു പോലെ ഈ വർഷവും 4,7 ക്ലാസുകളിലെ വിദ്യാർത്ഥികൾ ക്കായി മലയാളം, ഇംഗ്ലീഷ്, ഗണിതം വിഷയങ്ങളിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനുള്ള ബേസ്‌ലൈൻ പഠനത്തിനുള്ള ടെസ്റ്റ് നടത്തുകയുണ്ടായല്ലോ. റിസൽട്ട് അവലോകനം ചെയ്തപ്പോൾ കഴിഞ്ഞ വർഷത്തെ പിന്നാക്കാവസ്ഥ ഏകദേശം അതേ പോലെ (30 %) ആവർത്തിച്ചിരിക്കുന്നു. പരിഹാരബോധന പ്രവർത്തനങ്ങൾ എല്ലാ ക്ലാസുകളിലേക്കും വ്യാപിപ്പിക്കണമെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

അധ്യാപകർക്ക് പരിഹാരബോധന പ്രവർത്തനങ്ങൾക്കായി നൽകുന്ന കൈപുസ്തകം 4, 7 ക്ലാസുകളിലേക്ക് മാത്രമാണെങ്കിലും 2, 3, 5, 6 ക്ലാസുകളിലും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പരിഹാരബോധന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. സ്കൂൾ തലത്തിൽ എസ്.ആർ.ജി ചേർന്ന് ഇതിനുള്ള പഠനസഹായികൾ (വർക്ക്ഷീറ്റുകൾ മുതലായവ) ഉരുത്തിരിച്ചെടുക്കേണ്ടതാണ്.ഇതിലൂടെ ഓരോ കുട്ടിയുടേയും മിനിമം ലെവൽലേണിംഗ് ഉറപ്പു വരുത്തണം. ഇത് കുട്ടിയുടെ അവകാശവും,അധ്യാപകന്റെ ബാധ്യതയുമാണ്. (വിദ്യാഭ്യാസ അവകാശനിയമം)

ഈ കൈപുസ്തകം എല്ലാം തികഞ്ഞതല്ല. ചില സൂചകങ്ങൾ മാത്രമാണ് ഇതിൽ നൽകിയിട്ടുള്ളത്. അനുബന്ധ പ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ ചർച്ച ചെയ്ത് രൂപപ്പെടുത്തണം. വ്യക്തിഗതമായി പൂർത്തികരിക്കേണ്ട വർക്ക്ഷീറ്റുകൾ ഓരോ കുട്ടിക്കും ഫോട്ടോ കോപ്പിയെടുത്ത് നൽകണം. ഇവിടെ ലേണിംഗ് ഔട്കം (Learning Outcome) തന്നെയാണ് പ്രധാനമെന്നത് പ്രത്യേകം ഓർക്കുക. അതിനനുയോജ്യമായ പഠനപ്രവർത്തനങ്ങൾ സ്കൂൾതലത്തിൽ നടപ്പിലാക്കുമല്ലോ.

ഇതിനുള്ള സമയം സ്കൂൾ തലത്തിൽ എസ്.എം.സി , പി.ടി.എ എന്നിവരുമായി ആലോചിച്ച് കണ്ടെത്തുക.

വിജയഭേരി പ്രവർത്തനങ്ങൾക്ക് അധ്യാപകർ നൽകി വരുന്ന പിന്തുണയെ നന്ദിയോടെ സ്മരിച്ചു കൊണ്ട് ഗുണമേൻമയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിക്കും ലഭ്യമാകുന്നതിന് താങ്കളുടെ എല്ലാ സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

| **സുഹറ മമ്പാട്** | **കെ.പി ജൽസീമിയ** | **കെ.സി ഗോപി** |
|---|---|---|
| പ്രസിഡന്റ് | ചെയർപേഴസൺ | ഡി.ഡി.ഇ |
| മലപ്പുറം ജില്ലാ പഞ്ചായത്ത് | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | മലപ്പുറം |

# ക്ലാസ് – 4

## മാന്ത്രിക കളങ്ങൾ

| | | | |
|---|---|---|---|
| 1 | 2 | 3 | 4 |
| 5 | 6 | 7 | 8 |
| 9 | 10 | 11 | 12 |

### *അധ്യാപികയ്ക്ക്*

ഇതൊരു മാന്ത്രിക കളമാണ്. നിർദ്ദേശിക്കുന്ന കളങ്ങളിൽ അക്ഷരങ്ങൾ ചേർക്കുമ്പോൾ പുതിയ വാക്കുകൾ രൂപപ്പെടും. ഇങ്ങനെ രൂപപ്പെടുന്ന വാക്കുകൾ കുട്ടികൾ നോട്ട്ബുക്കിൽ എഴുതണം. ഈ പ്രവർത്തനം ആദ്യാവസാനം വരെ ആവേശം നിലനിർത്തിക്കൊണ്ട് അവതരിപ്പിക്കണം. പ്രവർത്തനത്തിൽ ഏർപ്പെടുന്ന കുട്ടികളെ പ്രോൽസാഹിപ്പിക്കണം.

### പ്രവർത്തനം

ചാർട്ടിലോ, BB യിലോ 12 കോളങ്ങൾ വരയ്ക്കുക.കോളങ്ങളിൽ നമ്പർ ഇടേണ്ടതില്ല.(ഇത് അധ്യാപികക്ക് അറിയുന്നതിനാണ് ചേർത്തിട്ടുള്ളത്) അധ്യാപിക ഓരോ അക്ഷരവും വ്യക്തമായി ഉച്ചരിച്ചു കൊണ്ട് നിശ്ചിത കളത്തിൽ എഴുതണം. ഓരോ അക്ഷരവും എഴുതിക്കഴിഞ്ഞ് അവ ചേർത്ത് വാക്കുകൾ ഉണ്ടാക്കാൻ ആവശ്യമായ സമയം അനുവദിക്കണം.

പദങ്ങൾ എഴുതേണ്ട ക്രമം

1. 6 ാം കോളത്തിൽ പ എന്നെഴുതുക.പ ഉപയോഗിച്ച് കുറച്ച് വാക്കുകൾ കുട്ടികൾ പറയുന്നു.
2. 8 ാം കോളത്തിൽ ത എന്നെഴുതുന്നു.ഈ രണ്ട് അക്ഷരങ്ങൾ ചേർത്ത് പത എന്ന വാക്ക് കുട്ടി എഴുതണം.
3. 4 ാം കോളത്തിൽ റ എന്ന് എഴുതുന്നു. ഇപ്പോൾ തറ, പറ എന്നിങ്ങനെ 2 വാക്കുകൾ കുട്ടിക്ക് ഉണ്ടാക്കാൻ കഴിയണം.

ഇങ്ങനെ ഓരോ കളത്തിലും അക്ഷരങ്ങൾ എഴുതുന്നതോടു കൂടി നിരവധി വാക്കുകളുടെ നിർമ്മാണം നടത്താൻ കുട്ടിക്ക് കഴിയണം.

ഈ ക്രമത്തിലാണ് അക്ഷരങ്ങൾ എഴുതേണ്ടത്.

2 - വ
11 - ട
5 - ല
3 - ക
12 - ര
1 - ഇ
9 - ഉ
10 - ണ
7 - അ

- ഈ ക്രമം പാലിക്കണമെന്ന് നിർബന്ധമില്ല. കൂടുതൽ സാദ്ധ്യത വരുന്ന രീതിയിൽ അക്ഷരങ്ങൾ ക്രമീകരിക്കാം.
- കോളങ്ങളുടെ എണ്ണം കൂട്ടിയും , അക്ഷരങ്ങൾ കൂടുതൽ ചേർത്തും കൂടുതൽ സാദ്ധ്യത നൽകാവുന്നതാണ്.
- ചിഹ്നങ്ങൾ കൂടി ഉൾപ്പെടുത്തി നൽകിയാൽ വിപുലമായ സാദ്ധ്യത ഉണ്ടാവില്ലേ.

## കളിപ്പാട്ടങ്ങൾ

**പ്രവർത്തനം.**

അപ്പുവിന്റെ വീടു കാണാൻ കൂട്ടുകാർ വന്നു. അവർ പല പല സമ്മാനങ്ങളും കൊണ്ടു വന്നു. അത് എന്തൊക്കെയാണെന്ന് അറിയേണ്ടേ?. അവ ഈ കള്ളികളിൽ ഒളിച്ചു കിടപ്പുണ്ട്. കണ്ടുപിടിച്ച് എഴുതൂ.

| | | | | |
|---|---|---|---|---|
| 1 പ്ലാ | 2 ക | 3 വി | 4 ത | 5 പ്പി |
| 6 കാ | 7 ര | 8 ക | 9 പ്പീ | 10 ലി |
| 11 റ്റാ | 12 ഓ | 13 ല | 14 പ്പ | 15 ന്ത് |
| 16 ടി | 17 ഞ്ചാ | 18 മ | 19 തൊ | 20 ക്ക |
| 21 ചി | 22 സേ | 23 വാ | 24 ച്ച് | 25 പ്പി |

കുട്ടികൾ പരമാവധി കളിപ്പാട്ടങ്ങളുടെ പേരുകൾ സ്വയം കണ്ടെത്തി എഴുതുന്നു.

( ഇങ്ങെനെ കണ്ടെത്തി എഴുതാൻ കഴിയാത്ത കുട്ടികളുമുണ്ടാകാം. അവർക്ക് അധ്യാപിക നേരിട്ട് പറഞ്ഞു കൊടുക്കുകയല്ല വേണ്ടത്. വാക്കുകൾ കണ്ടെത്താൻ ആവശ്യമായ സൂചനകൾ നൽകണം.

ഉദാ :- കള്ളി നമ്പർ 23,24 = വാച്ച്

( ഈ കളങ്ങളിൽ നിന്ന് സമ്മാനങ്ങളുടെ പേരുകൾ മാത്രമല്ല കണ്ടെത്താൻ കഴിയുന്നത്.മറ്റു വാക്കു കളും ഉണ്ട്. അതും കുട്ടിയുടെ എഴുത്തിൽ പരിഗണിക്കണം.

**ഈ കളങ്ങളിൽ കുറേ ജീവികൾ ഒളിച്ചിരിപ്പുണ്ട്. കണ്ടെത്തി എഴുതൂ...**




**പ്രവർത്തനം**

കഴിഞ്ഞ രണ്ട് പ്രവർത്തനങ്ങളിലൂടെ കുറെ വാക്കുകൾ കുട്ടി പരിചയപ്പെട്ടിട്ടുണ്ട്.ഇതിനെ ചെറിയ വാചകങ്ങളാക്കുന്ന പ്രവർത്തനങ്ങളാണ് തുടർന്നു നൽകേണ്ടത്.

അതിനായി കുട്ടി കണ്ടെത്തിയ കളിപ്പാട്ടങ്ങൾ എന്തു ചെയ്തിരിക്കാം എന്ന് ചോദിക്കാം.

ഉദാ:- വാച്ച് എന്തു ചെയ്തു?.

വാച്ച് കെട്ടി

ഇങ്ങെനെ ഓരോ സമ്മാനവും എന്തു ചെയ്തു എന്ന് കുട്ടികൾ പറയുന്നു. എല്ലാവർക്കും ഇഷ്ടമുള്ളത് പറ യാൻ അവസരം നൽകുന്നു. തുടർന്ന് കുട്ടികൾ പറഞ്ഞ വാക്യങ്ങൾ അവർ എഴുതുന്നു.

*ടീച്ചറോട്?*

കുട്ടികൾക്ക് പരിചിതമായ മറ്റു വസ്തുക്കളുടെ പേര് പറഞ്ഞ് അതിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട വാക്യങ്ങൾ എഴുതിക്കാവുന്നതാണ്.

കുട്ടികൾ സ്വതന്ത്രമായി ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ചിഹ്നങ്ങളിലെ അപാകതകൾ നമുക്ക് ബോധ്യപ്പെടും.

ഉദാ:- വാച്ച് കെട്ടി - എന്നത് വാച്ച് കൊട്ടി എന്നാവാം.

**അതുകൊണ്ട് ചിഹ്നങ്ങൾ ചേർത്ത് വാക്കുകളും, വാചകങ്ങളും എഴുതുന്ന ശേഷിയാണ് കുട്ടികൾക്കുണ്ടാവേണ്ടത്.ഇതിനു വേണ്ട പ്രവർത്തനങ്ങളാണ് കുട്ടിക്ക് നൽകേണ്ടത്. ഒന്നോ രണ്ടോ പ്രവർത്തനങ്ങൾ കൊണ്ട് ഈ ശേഷി കൈവരിക്കാൻ കുട്ടിക്ക് കഴിയണമെന്നില്ല. അതിനാൽ ഇതിൽ കൊടുത്തിട്ടുള്ള പ്രവർത്തന മാതൃകകൾക്കനുസരിച്ച് കൂടുതൽ പ്രവർത്തനങ്ങൾ അധ്യാപിക തയ്യാറാക്കി നൽകണം.**

## ആഭരമണിയിക്കാം

കൂട്ടുകാർ പോയപ്പോൾ അപ്പുവും അമ്മാവനും കൂടി സർക്കസ് കാണാൻ പോയി. അവിടെ പല തരം കാഴ്ചകൾ കണ്ടു.അപ്പു എന്തൊക്കെയാണ് കണ്ടതെന്ന് നിങ്ങൾക്കു പറയാമോ?. അതിനൊരു സൂത്രമുണ്ട്. ഈ വാക്കുകൾക്ക് അനുയോജ്യമായ ചിഹ്നങ്ങൾ ചേർത്താൽ മതി.

— ക-- മ—ള
ട--ക്കറ്റ്
സൈക്ക---ൾ
ക---ട----ര
ഒട്ടക---
ച---ട്ടവ---ർ

ആനക്ക-----ട്ട----
ക---സര
—-ക---മ്പന--ന
—പൺക--ട്ട---
ഉ---ഞ്ഞ---ൽ

| | | | |
|---|---|---|---|
| ാ | ി | ീ | ു |
| ൂ | െ | േ | ൊ |
| ൗ | ം | | ോ |

**ചിത്രം നോക്കി പേരെഴുതൂ..**

*ടീച്ചർക്ക്.*

ഇത് ഒരു മാതൃക മാത്രമാണ്. അക്ഷരങ്ങൾ ഉറപ്പിക്കുന്നതിന് മറ്റ് എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാം.













## എത്രയെത്ര  പൂക്കൾ

നോട്ട്ബുക്കിൽ ഇഷ്ടമുള്ള ഒരു പൂവിന്റെ പേര് എഴുതുന്നു. എഴുതിയ പൂവിന്റെ പേര് കുട്ടികൾ വായിക്കുന്നു. തുടർന്ന് കുട്ടികൾ എഴുതിയത് നോക്കി അതേപോലെ (തെറ്റുണ്ടെങ്കിൽ അതേപോലെ) ടീച്ചർ ബോർഡിൽ എഴുതുന്നു. എല്ലാ കുട്ടികളും എഴുതിയ പൂവിന്റെ പേരുകൾ ടീച്ചർ ഇങ്ങനെ എഴുതണം. പൂവിന്റെ പേര് ആവർത്തിച്ചു വരുന്നുണ്ടെങ്കിൽ അതും, തെറ്റില്ലാതെ എഴുതിയിട്ടുണ്ടെങ്കിൽ അതും ചാർട്ടിൽ എഴുതണം. തുടർന്ന്

ടീച്ചർ:- ഇതെല്ലാം എഴുതിയത് ശരിയാണോ?.

കുട്ടികൾ അഭിപ്രായം പറയുന്നു.

ശരിയായി എഴുതിയ വാക്കുകൾ ഉണ്ടെങ്കിൽ കുട്ടികൾ കണ്ടെത്തിപ്പറയട്ടെ. കുട്ടികൾക്ക് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ടീച്ചർ പറഞ്ഞു കൊടുക്കണം. തുടർന്നു ശരിയായ വാക്കുകൾക്കു ചുറ്റും ടീച്ചർ വട്ടം വരയ്ക്കുന്നു.

ടീച്ചർ-ശരിയായി എഴുതിയ വാക്കുകൾക്ക് മാത്രമാണ് വട്ടം വരയ്ക്കുക.എങ്കിൽ ഓരോ പൂവിന്റെയും പേരുകൾ ശരിയാക്കി എഴുതണം. എന്നിട്ട് വട്ടം വരയ്ക്കണം.എന്താണ് വാക്കിൽ തെറ്റ്?. കുട്ടികളുമായി ചർച്ച ചെയ്ത് ഓരോ വാക്കായി ശരിയായി എഴുതുന്നു. അക്ഷരം, ചിഹ്നം എന്നിവ ശരിയായി ഉപയോഗിച്ച് വാക്കുകൾ എഴുതാൻ വേണ്ട സാവകാശം കുട്ടികൾക്ക് നൽകണം.

*ടീച്ചറോട്,*

അക്ഷരങ്ങൾ ഉപയോഗിച്ച് ചെറിയ സ്വതന്ത്ര രചനയാണ് ഇവിടെ കുട്ടി ചെയ്യുന്നത്. അതുകൊണ്ട് വളരെ ക്ഷമയോടു കൂടി വേണം കുട്ടിയോട് ഇടപെടാൻ.

## പദപ്രശ്നം

**താഴോട്ട്**

1- കേരളത്തിലെ ഒരു ജില്ല

2- ഇവിടെ ആമ്പൽ ഉ ാകും.

4- കേരളത്തിന്റെ ദേശീയ പക്ഷി

5- കരയിലെ ഏറ്റവും വലിയ മൃഗം

6- വനം

**വലത്തോട്ട്**

1- മലയാള ഭാഷയുടെ പിതാവ്

2- കേരളത്തിന്റെ നെല്ലറ

3- രാത്രിയിൽ വിടരുന്നു

7- മരത്തിൽ തല കീഴായി തൂങ്ങിക്കിടക്കും.

| | | | | |
|---|---|---|---|---|
| 1 എ | | | | |
| | ■ | 5 | ■ | 4 |
| | ■ | | 6 | |
| 2 കു | | | | |
| | ■ | 7 | | |
| 3 | | | | ■ |

## ക്രമത്തിലാക്കാം

കുട്ടിയുടെ ഒരു ദിവസത്തെ ചില പ്രവർത്തനങ്ങളാണ് ക്രമം തെറ്റിച്ച് നൽകിയിട്ടുള്ളത്. ഇത് സ്വതന്ത്രമായി വായിക്കുകയും എഴുതുകയും ചെയ്യാനുള്ള അവസരം കുട്ടിക്ക് ലഭിക്കണം.

ചാർട്ട്

- അസംബ്ലിയിൽ പങ്കെടുത്തു.
- ഉച്ചഭക്ഷണം കഴിച്ചു.
- പല്ല് തേച്ചു.
- യൂണിഫോം ധരിച്ചു.
- കുളത്തിൽ മുങ്ങിക്കുളിച്ചു.
- ഉറക്കമുണർന്നു.
- സ്കൂളിലേക്ക് പുറപ്പെട്ടു.

*ടീച്ചറോട്:*

ഈ വാചകങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കണം. വായിക്കാൻ കഴിയുന്ന കുട്ടികൾക്ക് ക്രമപ്പെടുത്തി എഴുതാൻ കഴിയണമെന്നില്ല. ഇത്തരം സന്ദർഭങ്ങളിൽ ആവശ്യമായ വിശദീകരണങ്ങൾ, ചോദ്യങ്ങൾ എന്നിവയിലൂടെ കുട്ടിയെ സഹായിക്കാം.

## മാങ്ങയും മഞ്ഞക്കിളിയും

*ടീച്ചർക്ക്*

കുട്ടികൾക്ക് കൂട്ടക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. ഞ്ഞ, ങ്ങ എന്നീ അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനുള്ള ഒരു പ്രവർത്തനമാണിത്. ഇതുപോലെ കുട്ടികൾക്ക് പ്രയാസമനുഭവപ്പെടുന്ന അക്ഷരങ്ങൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുമല്ലോ. കഥാഭാഗം ചാർട്ടിൽ എഴുതണം.

*മഞ്ഞക്കാട്ടിലെ താമസക്കാരായിരുന്നു കുറുഞ്ഞിപ്പൂച്ചയും, കുഞ്ഞൻ മുയലും. അവർ മൂവാണ്ടൻ മാവിന്റെ ചുവട്ടിൽ ഒത്തുകൂടുന്നത് പഴു പഴുത്ത മാങ്ങ തിന്നാനായിരുന്നു. മഞ്ഞക്കിളിയും മാങ്ങ തിന്നാനെത്തും. ഒരു ദിവസം ചിങ്ങൻ കുരങ്ങൻ പതുങ്ങിപ്പതുങ്ങി വന്ന് മാങ്ങ കട്ടു കൊണ്ടു പോകാൻ തുടങ്ങി....*

എന്നിട്ടോ...

- മഞ്ഞക്കാട്ടിലെ താമസക്കാർ ആരെല്ലാമായിരുന്നു?
- ആരാണ് മാങ്ങ കട്ടു കൊണ്ടു പോവാൻ എത്തിയത്?
- ഞ്ഞ വരുന്ന ഏതെല്ലാം വാക്കുകളാണ് കഥയിലുള്ളത്?
- ങ്ങ വരുന്ന ഏതെല്ലാം വാക്കുകളാണുള്ളത്?
- ങ്ങ യും, ഞ്ഞ യും ഉപയോഗിച്ച് കൊണ്ട് ഈ കഥക്ക് പേരിടാമോ?

| അക്ഷരങ്ങൾ ചേർത്ത് വാക്കുകൾ പൂർണ്ണമാക്കൂ.. | |
|---|---|
| കുര......ൻ | ഞ്ഞ |
| മാ........ | ങ്ങ |
| മ......... ക്കിളി | |
| മ.........ൾ | |

**പദസൂര്യൻ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കൂ....**




1. ......................................................................
2. ......................................................................
3. ......................................................................
4. ......................................................................
5. ......................................................................

## എന്റെ നാട്

ഇത് മൃദുലയുടെ ഗ്രാമം
ചന്തമുള്ള വീടുകൾ
നിറയെ വെള്ളമുള്ള പുഴ
തെളിഞ്ഞ വെള്ളത്തിൽ ഊളിയിട്ട്
കളിക്കുന്ന മീൻകുഞ്ഞുങ്ങൾ
വെള്ളത്തിൽ ഉയർന്നു നിൽക്കുന്ന
കറുത്ത പാറക്കൂട്ടം
പച്ചവിരിച്ച നെൽപ്പാടം
കാറ്റിൽ ഉലയുന്ന വള്ളികൾ
ഇലകളും പൂക്കളും
പുള്ളിയുടുപ്പിട്ട പൂമ്പാറ്റകൾ
കിളികളുടെ മധുരഗാനം
ചിരിക്കുന്ന മുഖവുമായി സൂര്യൻ
എങ്ങും എത്ര സുന്ദരം

ഗ്രാമത്തെ ഭംഗിയാക്കുന്നതെന്തെല്ലാം?

..........................................................................................
..........................................................................................
..........................................................................................
..........................................................................................
..........................................................................................

## ഞാൻ എന്നെക്കുറിച്ച്

(ഫോട്ടോകോപ്പി എടുത്ത് ഓരോ കുട്ടിക്കും നൽകണം)

എന്റെ പേര് :

എന്റെ വീടിന്റെ പേര് :

അച്ഛന്റെ പേര് :

അമ്മയുടെ പേര് :

വീട്ടിലുള്ള മറ്റുള്ളവരുടെ പേര് :

വീട് സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേര് :

സ്കൂളിന്റെ പേര് :

ക്ലാസ് ടീച്ചറുടെ പേര് :

ഹെഡ്മാസ്റ്ററുടെ പേര് :

കൂട്ടുകാരുടെ പേര് :

ഇഷ്ടമുള്ള പൂവുകളുടെ പേര് :

ഇഷ്ടപ്പെട്ട നിറങ്ങൾ :

ഇഷ്ടപ്പെട്ട കളികൾ :

ഇഷ്ടപ്പെട്ട ഭക്ഷണം :

**ചിത്രം കാണുമ്പോൾ കഥ ഉണ്ടാക്കാൻ തോന്നുന്നില്ലേ.അത് എഴുതിനോക്കൂ..**

*ടീച്ചർക്ക്,*

അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറച്ച കുട്ടിക്ക് ആശയം ലഭിച്ചു കഴിഞ്ഞാൽ സ്വതന്ത്രരചന നടത്താൻ കഴിയില്ലേ..സ്വതന്ത്രരചനക്ക് മറ്റ് എന്തെല്ലാം തന്ത്രങ്ങൾ ഉപയോഗിക്കാം?.



**ഈണത്തിൽ പാടാം... വരികൾ കൂട്ടിച്ചേർക്കാം.**

കാക്കയ്ക്കുണ്ടൊരു കുപ്പായം
കറുത്ത കുപ്പായം
കൊക്കിനുമുണ്ടൊരു കുപ്പായം
വെള്ളക്കുപ്പായം
തത്തയ്ക്കുണ്ടൊരു കുപ്പായം
പച്ചക്കുപ്പായം
..........................................................................
..........................................................................
..........................................................................
..........................................................................
..........................................................................
..........................................................................

# ക്ലാസ് – 7

## അദ്ധ്യാപകർക്കുള്ള നിർദ്ദേശങ്ങൾ

പാഠഭാഗങ്ങൾ കുട്ടികൾക്ക് സ്വയം ചെയ്തു പഠിക്കാനും മറ്റുള്ളവരുടെ സഹായത്തോടെ കൂടുതൽ ശേഷികൾ നേടാനും ഉപയുക്തമായ തരത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒരു വർക്ക് ഷീറ്റിനു ശേഷം ഒരു വ്യവഹാര രൂപം എന്ന നിലക്കാണ് ഇവ ഉപയോഗിക്കേണ്ടത്.വർക്ക് ഷീറ്റുകൾ ഫോട്ടോസ്റ്റാറ്റ് എടുത്ത് മുഴുവൻ കുട്ടികൾക്കും നൽകുകയോ, ചാർട്ടുകളിൽ രേഖപ്പെടുത്തി കുട്ടികൾക്ക് ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്.

വിദ്യാർത്ഥികൾക്ക് ആവശ്യമായ കൈത്താങ്ങുകൾ അധ്യാപിക നൽകേണ്ടതാണ്. ഗ്രൂപ്പുകളിൽ ചർച്ചകൾക്കും പരസ്പര പങ്കുവെക്കലുകൾക്കും അവസരം നൽകണം. പരമാവധി കുട്ടികളുടെ പ്രതികരണങ്ങൾ പ്രോൽസാഹിപ്പിക്കണം.എല്ലാം അവർക്കറിയാമെന്ന ധാരണയോടെ ക്ലാസുകൾ കൈകാര്യം ചെയ്യരുത്.

വർക്ക്ഷീറ്റുകളിലെ കളികൾ ക്ലാസുകളിൽ അവതരിപ്പിക്കുമ്പോൾ മുഴുവൻ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കണം.വർക്കുഷീറ്റുകളിലെ പ്രവർത്തനങ്ങൾക്ക് സമാനമായവ കുട്ടിക്ക് വീട്ടിൽ നിന്നും ചെയ്യുന്നതിനു ലഭ്യമാക്കണം. കുട്ടിക്ക് ആവശ്യമായ സഹായം നൽകുന്നതിന് രക്ഷിതാക്കളെ ബോധവൽക്കരിക്കണം. വർക്ക്ഷീറ്റുകളെ ക്ലാസിന് അനുയോജ്യമായ തരത്തിലേക്ക് മാറ്റാവുന്നതാണ്. എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും വേണം.

## വർക്ക് ഷീറ്റ് -1

1. അ.............
   അവ..........
   അവൻ ..........
   അവൻ വ..........
   അവൻ വന്നു.
   ഇതേ രീതിയിൽ താഴെ കാണുന്ന വാക്കുകൾ പൂർത്തിയാക്കൂ.
2. ത................ (ഒരു ഉഭയ ജീവി)
   ...................
   ..................
   ....................
   ...................
3. വ..... ( വാഹനം)
   ......................
   .......................
   ......................
   .........................
4. ആ ............. (കാട്ടിലെ ഒരു മൃഗം)
   .............................
   ............................
   ...........................
   ..........................

## വർക്ക് ഷീറ്റ് -2

**വാക്കുകളുണ്ടാക്കി രസിക്കാം**

കുട്ടികൾക്ക് പരിചിതമായ രണ്ടോ, മൂന്നോ അക്ഷരങ്ങൾ നൽകുന്നു. ഈ അക്ഷരങ്ങളുടെ കൂടെ സ്വരചിഹ്നങ്ങൾ ചേർത്തു വാക്കുകളുണ്ടാക്കുക.

ഉദാ:- (1) അക്ഷരങ്ങൾ -ത,ല

വാക്കുകൾ- താലം, തലം

(2) അക്ഷരങ്ങൾ - ക,ര

വാക്കുകൾ -കരം, കരി,കാരം, കീരി, കൂര, കാര്യം, ക്രൗര്യം, ക്ലാര...

തന്നിരിക്കുന്ന അക്ഷരങ്ങളുടെ കൂടെ ഇഷ്ടമുള്ള അക്ഷരവും, ചിഹ്നവും ചേർത്ത് വാക്കുകളുണ്ടാക്കുക.

ഉദാ:- തല

- താലം, തൈലം, തിലകം, കലാതിലകം, തിലകൻ,തിലയുക, തല്ലി

തിരുവനന്തപുരം

ഈ പേരിലെ അക്ഷരങ്ങളും, ചിഹ്നങ്ങളും യഥേഷ്ടം മാറ്റിയും മറിച്ചും എത്ര വാക്കുകളുണ്ടാക്കാം. ഓരോ ഗ്രൂപ്പും ശ്രമിക്കട്ടെ. ഏറ്റവും കൂടുതൽ അവതരിപ്പിക്കുന്ന ഗ്രൂപ്പിന് സമ്മാനം നൽകാം.

ഉദാ:- തിര, തിരി, തരി, വിര, വിരി, പതനം, പുരി, വിന, രവം, പന്തം, പന്തി

## വർക്ക് ഷീറ്റ് -3

**ചിഹ്നങ്ങൾ ചേർക്കൂ...... ജീവികളെ കണ്ടെത്തൂ....**

| | | | | | |
|---|---|---|---|---|---|
| ത | ച | ല | ര | ന്ന | ന്ത |
| യ | ക്ക | മ്പ | വ്വ | ച്ച | ഴ |
| ഒ | മ | ട്ട | ണ്ണ | ത്ത | വ |
| റ | അ | ങ്ങ | പ | ക | ൻ |
| സ | ൽ | ള | ർ | ഹ | ശ |

കള്ളികളിൽ നിന്നും അക്ഷരങ്ങൾ എടുത്ത് ഇഷ്ടമുള്ള ചിഹ്നം ചേർത്ത് എത്ര ജിവികളുടെ പേരുകൾ എഴുതാൻ പറ്റും എന്ന് ശ്രമിച്ചുനോക്കൂ..

ഉദാ:- തവള, പാമ്പ്, മുയൽ, ചെമ്പോത്ത്, അണ്ണാൻ, ചെന്നായ, പരുന്ത്, വേഴാമ്പൽ, ഒട്ടകം, മൂങ്ങ, തത്ത, വവ്വാൽ, കാക്ക, കുറുക്കൻ

## വർക്ക് ഷീറ്റ് -4

ബോർഡിലെ അക്ഷരങ്ങൾ മാത്രം ഉപയോഗിച്ച് സ്കൂളുമായി ബന്ധപ്പെട്ട വാക്കുകൾ കണ്ടെത്തൂ..ഒരു വാക്കിന് ഒരു പോയന്റ്. നിങ്ങൾക്ക് എത്ര പോയിന്റുകൾ കിട്ടി.വീട്ടുകാരുടെ സഹായവും തേടുമല്ലോ...?

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വി | | ക്ലാ | | മേ | | സ്റ്റ | | ണ |
| | ആ | | മ | | ക | | ൻ | |
| ലാ | | മു | | ജി | | ബോ | | അ |
| | ളി | | രം | | ഓ | | സ്ഥ | |
| ലം | | രം | | ത്ഥി | | ബ | | |
| | ധ്യാ ഷോ | | ദ്യാ | | ഡ് | | കി | |
| ഫീ | | പ | | ർ | | ല്ല് | | ക്ക് |

ഉദാ:- അധ്യാപകൻ, ബോർഡ്

## വർക്ക് ഷീറ്റ് -5

## അനുയോജ്യമായവ ബ്രാക്കറ്റിൽ നിന്ന് എടുത്ത് ചേർത്ത് വാക്യം ശരിയാക്കുക.

1. അവൻ അവൾ ചന്തയിൽ പോയി.
2. രാജൻ സതി അതു വാങ്ങിയില്ല.
3. കരടി കുട്ടി പല്ലു കൊഴിഞ്ഞു.
4. നാലു പേർ ഒരാൾ മുയൽക്കുട്ടൻ
5. രാമൻ രാവണൻ കൊല്ലപ്പെട്ടു.
6. പുഴ നിന്നു മണൽ വാരി.
7. സിംഹം മുയൽ നാടു കടത്തി
8. സിംഹം മുയൽ പറഞ്ഞു
9. മരുന്ന് അസുഖം മാറി
10. മുയൽ കയ്യിൽ പുസ്തകം കൊടുത്തു.

( ഓ, ഉം, ഉടെ,ഇൽ, ആൽ, ഇൽ, നെ, ഓട്, കൊണ്ട്, ന്റെ)

## വർക്ക് ഷീറ്റ് -6

## മൊല്ലനും, മാധേവനും

*ഒരു ദെവസം മല്ലനും മാതേവനും കുടി കോട്ടിലൂടെ നടക്കുകയായിരുന്നു. പൊട്ടന്ന് അവർക്ക് മുന്നിലേക്ക് ഒരു കാരടി കാട്ടിൽ നിന്ന് ചോടി വീണു. മല്ലൻ അടുത്തു കൊണ്ട മാരത്തിൽ ചാടി കയറി. മാതേവന് മരം കയറാൻ അറിയില്ലേയിരുന്നു. മാതേവൻ നില്ലത്ത് ചെത്ത പോലെ കെടന്നു. കരടി വന്ന് മാതേവനെ മണ്ണത്തു നോക്കി. ചത്തതാണെന്ന് കുരുതി ഉപ്പേക്ഷിച്ച് പോയി.*

അമ്മുക്കുട്ടി കഥ പകർത്തി എഴുതിയപ്പോൾ ഒരുപാട് അക്ഷരത്തെറ്റുകൾ സംഭവിച്ചു അവ തിരുത്തി എഴുതൂ..

## വർക് ഷീറ്റ് -7

## പദങ്ങൾ ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കുക.

| | | |
|---|---|---|
| തെങ്ങ് | നീളമുള്ള<br>ഉറപ്പുള്ള<br>ധാരാളം | ഓലകൾ<br>തേങ്ങകൾ<br>പക്ഷികൾ<br>തടി<br>പൂക്കുലകൾ<br>ഇളനീർ |

ഉദാ:- തെങ്ങിൽ നിന്ന് ധാരാളം തേങ്ങകൾ ലഭിക്കുന്നു.

ഇതേ പോലെ കുട്ടികൾ കൂടുതൽ വാക്യങ്ങൾ നിർമ്മിക്കുന്നു.

മൂന്നോ, നാലോ ആളുകൾ ഉണ്ടാക്കിയ വാക്യം പറയട്ടെ.

തെങ്ങിൽ ധാരാളം തേങ്ങകൾ ഉണ്ട്.

(തേങ്ങകൾ+ ഉണ്ട് = തേങ്ങകളുണ്ട്) എന്ന് ശരിയായി പറയാൻ അവർക്ക് കഴിയേണ്ടതുണ്ട്. അതിനായുള്ള പരിശീലനവും ക്ലാസ് മുറിയിൽ നടക്കണം.

വാക്യങ്ങൾ ചേർത്ത് തെങ്ങിനെക്കുറിച്ച് ഒരു ഖണ്ഡിക എഴുതട്ടെ.ആവർത്തിച്ചു വരുന്ന തെറ്റുകൾ BB യിൽ എഴുതി തിരുത്താൻ ആവശ്യപ്പെടാം. എല്ലാവരും ശരിയായ വാക്യങ്ങളെഴുതുന്നുണ്ടെന്ന് ടീച്ചർ ഉറപ്പു വരുത്തണം. പരസ്പരം കൈമാറി വായിച്ച് തെറ്റു തിരുത്താനും ആവശ്യപ്പെടാം.

## വർക്ക് ഷീറ്റ് –8
## പദങ്ങളുണ്ടാക്കാം.

നാലു കുട്ടികൾക്ക് കളിക്കാവുന്ന കളിയാണിത്.ആദ്യം 10 X 10 അല്ലെങ്കിൽ 12 X 12 കള്ളി വരയ്ക്കണം. ഒരാൾ ഇഷ്ടമുള്ള കള്ളിയിൽ ഒരക്ഷരം എഴുതുന്നു. അടുത്തയാൾക്ക് ഒരക്ഷരം എഴുതാം. അത് അർത്ഥമുള്ള ഒരു പദമാണെങ്കിൽ രണ്ടു പോയിന്റ്. ആ വാക്ക് കോളത്തിൽ മാറ്റി എഴുതണം. വാക്കിൽ എത്ര അക്ഷരങ്ങളുണ്ടോ, അത്രയും പോയിന്റ് കിട്ടും. അതും രേഖപ്പെടുത്തുക. പദങ്ങൾ വലത്തോട്ടോ താഴോട്ടോ മാത്രം വായിക്കാം. ഇടക്ക് ഒഴിഞ്ഞ കള്ളികൾ പ്രശ്നമാക്കേണ്ടതില്ല. കൂടുതൽ അക്ഷരമുള്ള വാക്കെഴുതിയാൽ കൂടുതൽ പോയിന്റ് ലഭിക്കും. ഇങ്ങെനെ നാലു കുട്ടികൾ ക്രമമായി പദങ്ങൾ എഴുതി കളിക്കട്ടെ.

രവി

| വാക്ക് | പോയിന്റ് |
|---|---|
| തല | 2 |
| | |

ബിനു

| വാക്ക് | പോയിന്റ് |
|---|---|
| പുലി | 2 |
| | |

ആതിര

| വാക്ക് | പോയിന്റ് |
|---|---|
| ലത | 2 |
| | |

ഷിഫ

| വാക്ക് | പോയിന്റ് |
|---|---|
| മുതല | 3 |
| | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | മു | | | | | | | ക | ക്ക | | |
| ത | ല | | | | | | | | | | |
| പു | ത | | | | | | | | | | |
| ലി | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |
| | | | | | | | | | | | |

കളി കഴിഞ്ഞാൽ ചില പദങ്ങൾക്ക് വിശദീകരണം നൽകുക.

ഉദാ:- പുലി - കാട്ടിലെ മൃഗം

കക്ക - മുത്തുകൾ ഉണ്ടാകും

## വർക്ക് ഷീറ്റ് -9




## വർക്ക് ഷീറ്റ് -10




പെരുന്നാളുമായി ബന്ധപ്പെട്ട പദസൂര്യൻ ശ്രദ്ധിച്ചല്ലോ. ഇതുപോലെ ഓണവുമായി ബന്ധപ്പെട്ട ഒരു പദ സൂര്യൻ നിർമ്മിച്ചാലോ ?



## വർക്ക് ഷീറ്റ് -11
## ആടാം പാടാം

*മഴ മഴ മഴ മഴ പെയ്യുന്നു*
*മലയുടെ മുകളിൽ പെയ്യുന്നു*
.........................................................
.........................................................

കുട്ടികൾ ഈ കവിത ആവർത്തിച്ചു പാടട്ടെ. സംഘമായും വ്യക്തിഗതമായും ആലപിക്കാൻ അവസരം നൽകുന്നു. അഭിനയിച്ചു പാടാനും അവസരം നൽകാം. കവിതയുടെ താളവും, ഈണവും മനസ്സിൽ പതിയണം.

തുടർന്ന് ഈ കവിതക്ക് തുടർച്ചയായി 8 വരിയെങ്കിലും ഉണ്ടാക്കാൻ ആവശ്യപ്പെടുന്നു. മൂന്നോ നാലോ കുട്ടികൾ അവതരിപ്പിക്കട്ടെ. കൈമാറി വായിക്കാൻ അവസരം നൽകുന്നു. അക്ഷരത്തെറ്റുകൾക്കടിയിൽ വരച്ച് മുകളിൽ ശരിയായി എഴുതാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. A4 പേപ്പറിൽ തെറ്റില്ലാതെ എഴുതി പതിപ്പാക്കി മാറ്റാം.

## പൂർത്തിയാക്കൽ മത്സരം

അധ്യാപിക ഒരു കവിതയിലെ ഒരു വരി പറയണം.രസകരമായ വരി ആവാം. പ്രസിദ്ധ ശൈലികളോ, നാവുരുളാൻ വാക്യവും തെരഞ്ഞെടുക്കാം. ടീച്ചർ പറഞ്ഞു കഴിഞ്ഞാൽ കുട്ടികൾ ഉച്ചത്തിൽ കുറേ പ്രാവശ്യം ഉരുവിടട്ടെ.

*ഉദാ;- "മലരണിക്കാടുകൾ തിങ്ങി വിങ്ങി "*
*"നാടോടുമ്പോൾ നടുവെ ഓടണം"*

കുട്ടികളെ 2 ഗ്രൂപ്പാക്കണം. രണ്ടു വരിയായി നിൽക്കട്ടെ. ഓരോ ഗ്രൂപ്പിനും ഓരോ ചോക്ക് നൽകാം. രണ്ടു ഗ്രൂപ്പിലേയും ആദ്യത്തെ കുട്ടി ഓടി വന്ന് ബോർഡിൽ അവർക്കനുവദിച്ച സ്ഥലത്ത് പറഞ്ഞുറപ്പിച്ച വാക്യത്തിന്റെ ആദ്യാക്ഷരം എഴുതണം. ഓടിച്ചെന്ന് ചോക്ക് അടുത്തയാൾക്ക് കൈമാറണം. ഏതു ഗ്രൂപ്പാണ് ആദ്യം വാക്യം പൂർത്തിയാക്കുന്നത് എന്ന് നോക്കണം. എഴുതിയത് പരസ്പരം വിലയിരുത്തണം. (തെറ്റുകൾ കണ്ടെത്തി പറയുന്നു) . വാക്യങ്ങൾ മാറ്റി കളി തുടരണം. അധ്യാപിക മാർക്കിടലും നിയന്ത്രണങ്ങളും നടത്തണം.

## പാടാം രസിക്കാം

*അക്ഷരത്തിരി നീട്ടി അറിവുനേടും നാം*
*അറിവിലെ സ്നേഹത്തിനുറവയായ് മാറും*
*കപട മുഖംമൂടികളഴിച്ചുവെയ്ക്കും നാം*
*കരളിന്റെ നേരുകൾ തുറന്നുവെയ്ക്കും*
*ഉള്ളിൽ തടയാതുറക്കെ കരയും*
*ഉള്ളം തുറന്നു നാം പൊട്ടിച്ചിരിക്കും*
*വീണ്ടും പിണങ്ങും വഴക്കടിക്കും നാം*
*പിന്നെ നാം സ്നേഹിച്ചു കെട്ടിപ്പിടിക്കും.*
*പുഞ്ചിരിക്കും നാം മനുഷ്യരായ് വീണ്ടും*
*കണ്ണീരുതിർക്കും മനുഷ്യർക്കു വേണ്ടി*
*പുതിയൊരിന്ത്യക്കുള്ള വഴിവെട്ടമാകും*
*പുതുമുളകൾ ചൂണ്ടി നാം പകലിനെ തേടും*

കുട്ടികളും അധ്യാപികയും ഈണത്തിൽ ചൊല്ലുന്നു.

## പൊൻമുട്ടയിടുന്ന താറാവ്

*ഒരിടത്തൊരു കർഷകൻ ഉണ്ടായിരുന്നു. ..................................................................................................... താറാവുകൾ മുട്ടയിടാൻ തുടങ്ങി. ഒരു ദിവസം താറാവിന്റെ കൂട്ടിനകത്ത് ഒരു തിളക്കം ............................. കർഷകന്റെ ഭാര്യ വിളിച്ചു പറഞ്ഞു, "കൂട്ടിനകത്തൊരു തിളക്കം, നമുക്ക് നോക്കാം." ................................ അതൊരു സ്വർണ്ണ മുട്ടയായിരുന്നു!. .............................................. ഒരു ദിവസം ഭാര്യ അയാളോടു പറഞ്ഞു, "നമുക്ക് പെട്ടന്ന് പണക്കാരാകാം."*

ബാക്കി കഥയെന്തായിരിക്കും.?

- മൂന്നോ നാലോ കുട്ടികൾ കഥ പറയട്ടെ. അതിനായി അവസരം നൽകുന്നു.
- ഓരോരുത്തരും കഥ വ്യക്തിഗതമായി എഴുതിത്തയ്യാറാക്കട്ടെ.
- കഥയുടെ ഇടയിൽ ചിലയിടത്ത് കുത്തിട്ടിരിക്കുന്നത് എന്തിന്റെ സൂചനയാണ്?

  (ഇടയിൽ ഇനിയും കൂട്ടിച്ചേർക്കാനുണ്ട്.)

എഴുതിയത് കൈമാറി വായിക്കട്ടെ. അക്ഷരത്തെറ്റുകൾക്കടിയിൽ വരയിടുക. ശരിയായത് മുകളിൽ എഴുതുക..

കഥ മാറ്റി എഴുതട്ടെ. A4 പേപ്പറിൽ എഴുതി പതിപ്പാക്കട്ടെ.

**മഴ തകർത്തു പെയ്യുകയാണല്ലോ..ഗൾഫ് മേഖലയിൽ ഇത്തരം മഴയില്ലെന്നറിയാമല്ലോ... ഈ വർഷത്തെ മഴയെക്കുറിച്ച് ഗൾഫിലെ ബന്ധുവിന് കത്തെഴുതാമോ?**

*മലപ്പുറം*
*8-8-2013*

*പ്രിയപ്പെട്ട .....................*

*എന്തൊക്കയുണ്ട് വിശേഷങ്ങൾ. ഇവിടെ ഞങ്ങൾക്ക് സുഖം തന്നെ. അവിടെയും അങ്ങനെ തന്നെയെന്ന് കരുതുന്നു. ഇവിടെ മഴ തുടങ്ങി. ..........................................................................*

..........................................................................................................................................................

..........................................................................................................................................................

..........................................................................................................................................................

*കഴിയും വേഗം തമ്മിൽ കാണാമെന്ന പ്രതീക്ഷയോടെ നിർത്തുന്നു.*

*സസ്നേഹം*
*.........................*

കത്തിലെ വിട്ട ഭാഗം പൂരിപ്പിക്കുക. മഴയെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തണം എന്നതിനെക്കുറിച്ച് ചർച്ച നടത്തണം. ചർച്ചയിലൂടെ കത്തിലെ കാര്യങ്ങളെക്കുറിച്ച് ധാരണ വരുത്തിയ ശേഷം എഴുതാൻ ആവശ്യപ്പെടാം.

## വിവരണം തയ്യാറാക്കാം

സ്കൂൾ അസംബ്ലിയെക്കുറിച്ച് ഒരു വിവരണം എഴുതൂ.ബെല്ലടിച്ചു കുട്ടികൾ വരിവരിയായി നിന്നു. ഹെഡ്മാസ്റ്റർ വന്നു. പ്രാർത്ഥന തുടങ്ങി. ..............................................................................................................................

..............................................................................................................................

..............................................................................................................................

..............................................................................................................................

### ഉത്സവ മേളം

*അമ്പലമുറ്റത്താന നിരന്നു*
*പൊന്നിൻ നെറ്റിപ്പട്ടമണിഞ്ഞു*
*ചെണ്ടകൾ തിമിലകൾ ചേങ്ങില താളം*
*കൊമ്പുകൾ കുഴലുകൾ ഉത്സവമേളം*
*പൂത്തിരി വാണമമിട്ടുകൾ പൊങ്ങി*
*കമ്പക്കെട്ടിൻ വെടികൾ മുഴങ്ങി*
*വമ്പനൊരാന തിടമ്പു ചുമന്നു*
*മുൻപിലൊരാള് വിളക്കു പിടിച്ചു*
*നെറ്റിപ്പട്ടമിതെന്തൊരു ഭംഗി*
*കുത്തു വിളക്കിന്നെന്തൊരു കാന്തി*

1. കവിതക്ക് ഉചിതമായ ഈണം കണ്ടെത്തി ചൊല്ലി നോക്കൂ...
2. എന്തെല്ലാം കാര്യങ്ങളാണ് ഉത്സവത്തിൽ ഉള്ളത്?
3. എങ്ങനെയാണ് ആനകൾ നിരന്നത്?
4. എന്തൊരു ഭംഗി.... എന്ത്?
5. കാന്തി ചിന്തുന്നത് എന്താണ്?

കുട്ടികൾ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തട്ടെ.വാചികമായി അവതരിപ്പിക്കുന്നു

നോട്ട്ബുക്കിൽ ഉത്തരമെഴുതട്ടെ.

പരസ്പരം കൈമാറി എഴുതിയ തെറ്റുകൾ കണ്ടെത്തട്ടെ.തിരുത്തി എഴുതട്ടെ.

## മൈസൂരിൽ നിന്നൊരു ഫോൺ

അനൂപ് ഇന്നലെ ഉത്സവത്തിനു പോയി.രാവിലെ പത്തുമണി വരെ ഉറക്കമായിരുന്നു. റ്ണീം...... റ്ണീം.......... റ് ണീം....... ഫോൺ ബെല്ലടിക്കുന്നത് കേട്ടാണ് ഉണർന്നത്.അവൻ ഓടിച്ചെന്ന് ഫോണെടുത്തു. മൈസൂരിൽ നിന്നും അമ്മാവനാണ്.

അനൂപ് സംസാരിക്കുന്നത് വായിച്ചു നോക്കൂ... അപ്പുറത്ത് നിന്ന് അമ്മാവൻ എന്തായിരിക്കും പറയുന്നത്.

*അമ്മാവൻ :* ..........................................................................................................................

*അനൂപ്:* *ഞാനാണ് അനൂപ്.*

*അമ്മാവൻ :* ..........................................................................................................................

*അനൂപ്:* *കുളിക്കാൻ പോയിരിക്കുകയാണ്.*

*അമ്മാവൻ :* ..........................................................................................................................

*അനൂപ്:* *പോയിരുന്നു.അമ്മയും , അച്ഛനും, ചേച്ചിയും ഉണ്ടായിരുന്നു.*

*അമ്മാവൻ :* ..........................................................................................................................

*അനൂപ്:* *പിന്നേ! ഗംഭീരമായിരുന്നു.ഏഴ് ആനകളുണ്ടായിരുന്നു.*

*അമ്മാവൻ :* ..........................................................................................................................

*അനൂപ്:* *നാടകവും കണ്ടു.എല്ലാം കഴിഞ്ഞിട്ടാ ഞങ്ങൾ തിരിച്ചു പോന്നത്.*

*അമ്മാവൻ :* ..........................................................................................................................

*അനൂപ്:* *എനിക്കും ,ചേച്ചിക്കും കളിപ്പാട്ടങ്ങളും, പലഹാരങ്ങളും വാങ്ങി.*

*അമ്മാവൻ :* ..........................................................................................................................

*അനൂപ്:* *അച്ഛൻ വന്നാൽ പറയാം. മാമൻ എന്നാ വരിക?*

*അമ്മാവൻ :* ..........................................................................................................................

*അനൂപ്:* *വരുമ്പോൾ ശ്രീക്കുട്ടനേയും കൊണ്ടു വരണേ..*

*അമ്മാവൻ :* ..........................................................................................................................

*അനൂപ്:* *ങ്ഹാ ശരി.*

## എന്റെ മനസ്സിലുണ്ടൊരു ജീവി

ഞാൻ ഒരു ജീവിയെ മനസ്സിൽ വിചാരിച്ചിട്ടുണ്ട്. നിങ്ങൾക്കു പറയാമോ?. അതിനു നാലു കാലുണ്ട്.ഉത്തരം കിട്ടിയോ?. അതിനു കൊമ്പുണ്ട്. മൂക്ക് കൊണ്ട് സാധനങ്ങൾ എടുക്കാം. ഇങ്ങെനെ ഓരോ തവണയും സൂചനകൾ നൽകുമ്പോൾ പരമാവധി ഊഹിച്ചു പറയട്ടെ. അവസാനം അതിന്റെ ചിത്രം വരയ്ക്കാം.

ചിത്രം വരയ്ക്കുന്നു. താഴെ പേര് എഴുതുന്നു.ഇഷ്ടമുള്ള ഒരു ജീവിയുടെ പേര് വിചാരിക്കാൻ കുട്ടികളോട് പറയുക. തുടർന്ന് ആ ജീവിയുടെ ചിത്രം വരക്കാൻ ആവശ്യപ്പെടുക.ചിത്രത്തിനു താഴെ ജീവിയുടെ പേര് എഴുതണം.തുടർന്ന് ഒരു കുട്ടി മുന്നിൽ വന്ന് നിന്ന് താൻ വരച്ച ജീവിയുടെ ചില സവിശേഷതകൾ പറയുന്നു. കളിയുടെ അവസാനം വരച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. ചിത്രത്തിനു നിറം നൽകിയ ശേഷമാണ് പ്രദർശിപ്പിക്കുന്നത്.

- വസ്തുക്കൾ, വാഹനങ്ങൾ, പൂക്കൾ തുടങ്ങിയവയും ഈ പ്രവർത്തനത്തിനു ഉപയോഗിക്കാം.
- മറ്റു ചിത്രങ്ങളും ഇതേ രീതിയിൽ ഉപയോഗപ്പെടുത്താം.

## നോട്ടീസ്

*ഈ വർഷത്തെ ഉപജില്ലാ വിദ്യാരംഗം ഉദ്ഘാടനം അരീക്കോട് യു.പി സ്കൂളിൽ വെച്ച് 11-08-2013 ന് നടത്താൻ തീരുമാനിച്ചിരിക്കുന്നു. പ്രശസ്ത കവി മോഹനകൃഷ്ണൻ കാലടിയാണ് പരിപാടിയുടെ ഉദ്ഘാടകൻ. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറ മമ്പാട് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിന് ഉപ ജില്ലാ വിദ്യാരംഗം സെക്രട്ടറി മനോജ് മാസ്റ്റർ സ്വാഗത പ്രസംഗം നടത്തും. സ്കൂൾ ഹെഡ്മാസ്റ്റർ നന്ദി പ്രകാശിപ്പിക്കും. കനവ് നാടൻപാട്ടു സംഘം അവതരിപ്പിക്കുന്ന നാടൻപാട്ട് ഈ ഉദ്ഘാടനപരിപാടയിൽ ഉണ്ടായിരിക്കുന്നതാണ്.*

തന്റെ സ്കൂളിൽ വെച്ചു നടക്കുന്ന ഈ പരിപാടിയെക്കുറിച്ചറിഞ്ഞ മനു സന്തോഷം കൊണ്ട് തുള ളിച്ചാടി. ഹെഡ്മാസ്റ്റർ ഈ പരിപാടിയുടെ നോട്ടീസ് തയ്യാറാക്കി വരാൻ മനുവിനോടു പറഞ്ഞു. നിങ്ങൾക്ക വനെ സഹായിക്കാമോ?.

## ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.

*നിന്നോടു കുഞ്ഞേ*
*ഞാൻ മിണ്ടില്ല,*
*നീ നീട്ടും കതിർ കൊത്തില്ലാ*
*പച്ചച്ചില്ലകൾ തോറും പാറി*
*പ്പാറിപ്പറവകൾ പാടുമ്പോൾ*
*കുളിരൊഴുകുന്ന കിഴക്കൻ കാറ്റിൽ*
*കുത്തിമറിഞ്ഞു കളിക്കുമ്പോൾ*
*കൂട്ടിലിരുത്തി സൽക്കാരം*
*കുഞ്ഞേ വലിയൊരു ധിക്കാരം*
*കൂറുണ്ടെങ്കിൽ വരൂ*
*കൂടു തുറന്നു തരൂ...*

1. ആരോടാണ് കുഞ്ഞ് സംസാരിക്കുന്നത്.?
2. കിളിക്ക് എന്തെല്ലാം കാര്യങ്ങളാണ് പറയാനുള്ളത്?
3. എന്തിനെല്ലാമാണ് കിളി ആഗ്രഹിക്കുന്നത്?
4. എന്താണ് കിളി ധിക്കാരമായി കാണുന്നത്?
5. എന്താണ് കിളി കുട്ടിയോട് ആവശ്യപ്പെടുന്നത്?
6. എന്തിനെക്കുറിച്ചാണ് കവിത?

ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരം തയ്യാറാക്കട്ടെ. അവ ചേർത്ത് ആസ്വാദനക്കുറിപ്പാക്കി മാറ്റുക.

## ആശംസാ കാർഡ് നിർമ്മാണം

ഗോപുവിന്റെ പിറന്നാളാണ് നാളെ. അവന് ആശംസകൾ അർപ്പിക്കാൻ എന്തു ചെയ്യാം. എല്ലാവരുടേയും വക ഒരു ആശംസാകാർഡ് ആയാലോ?
എന്തൊക്കെയാണ് ആശംസാകാർഡിൽ വേണ്ടത്?
ആകർഷകമായ ചിത്രം, ആശംസാ വാക്യം, സന്ദേശം തുടങ്ങിയവ.
എല്ലാ കുട്ടികൾക്കും ആവശ്യത്തിന് വലുപ്പമുള്ള കാർഡുകൾ നൽകുന്നു. അവർ സ്വന്തം ഭാവനക്കനുസരിച്ച് ഓരോ കാർഡ് നിർമ്മിക്കുന്നു. ഇവ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.
ചുരുങ്ങിയ വാക്കുകളിൽ ആശയങ്ങൾ പ്രകടിപ്പിക്കുന്നവയാണ് ആശംസകൾ.ഉള്ളടക്കത്തെക്കുറിച്ചുള്ള ധാരണ, സർഗാത്മകത, ഭാഷ,നൈപുണികത തുടങ്ങിയവ ഒത്തുചേരുമ്പോഴേ മികച്ച ഒരു ആശംസാകാർഡ് നിർമ്മിക്കാനാവൂ.
അക്ഷരത്തെറ്റുകൾ വരുത്തിയ ആശംസാ കാർഡുകൾ ഏതൊക്കെയാണ് എന്ന് കുട്ടികൾ കണ്ടെത്തട്ടെ. ഓരോന്നിലെയും തെറ്റുകൾ കണ്ടെത്താൻ അവരോടാവശ്യപ്പെടാം. അതെങ്ങനെ തിരുത്താം. മാർക്കർ പെൻ ഉപയോഗിച്ച് മുകളിൽ എഴുതട്ടെ. തെറ്റുകൾ തിരുത്തി പുതിയവ നിർമ്മിക്കട്ടെ. മികച്ചവരെ പ്രോൽസാഹിപ്പിക്കുക.

## എന്നെക്കുറിച്ച്

1. എന്റെ പേര് :
2. വയസ്സ് :
3. പഠിക്കുന്ന ക്ലാസ് :
4. സ്കൂളിന്റെ പേര് :
5. അച്ഛന്റെ പേര് :
6. അമ്മയുടെ പേര് :
7. അച്ഛന്റെ നാട് :
8. അമ്മയുടെ നാട് :
9. എന്റെ വീട്ടിലുള്ള മറ്റു ആളുകൾ : (1)...................................... (2)..................................
(3) .................................... (4) ...............................
(5) .................................... (6) ..................................
10. അച്ഛന്റെ ജോലി :
11 അമ്മയുടെ ജോലി :

നിർദ്ദേശങ്ങൾ

- ഇതൊക്കെ കൂട്ടിച്ചേർത്താൽ നമ്മുടെ ജീവിത കഥയായി മാറും. ഒന്നെഴുതി നോക്കൂ..
- എങ്കിൽ ഒരു ജീവചരിത്രക്കുറിപ്പ് എങ്ങനെ എഴുതും.

സൂചനകളിതാ:-

**സൂചനകൾ വികസിപ്പിച്ച് ഒരു ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൂ.**

പേര് : മുഹമ്മദ് ബഷീർ

സ്ഥലം : വൈക്കത്തിനടുത്ത് തലയോലപ്പറമ്പ്

ജനനം : 1908 ജനുവരി 20

പിതാവ് : കായി അബ്ദുറഹ്മാൻ

മാതാവ് : കുഞ്ഞിപ്പാത്തുമ്മ

പ്രാഥമിക പഠനം : തലയോലപ്പറമ്പ് മലയാളം സ്കൂൾ, വൈക്കം ഇംഗ്ലീഷ് സ്കൂൾ

സ്കൂളിൽ പഠിക്കവെ ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തു- ജയിൽശിക്ഷ - പത്ത് വർഷത്തോളം ഇന്ത്യയൊട്ടാകെ സഞ്ചാരം- ആഫ്രിക്ക, അറബ് നാടുകൾ

പലതരം ജോലികൾ- കണക്കപ്പിള്ള, ട്യൂഷൻ മാസ്റ്റർ, കൈനോട്ടക്കാരൻ, പാചകക്കാരൻ, മിൽത്തൊഴിലാളി, പത്രവിൽപ്പനക്കാരൻ, പഴക്കച്ചവടക്കാരൻ, ഹോട്ടൽ തൊഴിലാളി

അഞ്ചാറു വർഷം ഹിമാലയ സാനുക്കളിൽ സംന്യാസിയായും, സൂഫിയായും കഴിഞ്ഞു കൂടി.

പ്രധാന കൃതികൾ - ബാല്യകാല സഖി, അനർഘ നിമിഷം, ജന്മദിനം, ന്റുപ്പാപ്പാക്കൊരാനേണ്ടാർന്നു, മുച്ചീട്ടു കളിക്കാരന്റെ മകൾ, പാത്തുമ്മയുടെ ആട്, മതിലുകൾ.....

വിവാഹം : 1957 ൽ കോഴിക്കോട് ഫാത്തിമാ ബീവി

പിന്നീട് ബേപ്പൂരിൽ സ്ഥിര താമസം.

മക്കൾ : ഷാഹിന, അനീസ്

നിരവധി ഭാഷകളിൽ ബഷീർ കൃതികൾ തർജ്ജമ ചെയ്യപ്പെട്ടു.

പുരസ്കാരങ്ങൾ : കേന്ദ്രസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്, കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്, 1982 ൽ പദ്മശ്രീ പുരസ്കാരം, കാലിക്കറ്റ് സർവ്വകലാശാല ഡി-ലിറ്റ് ബിരുദം, ലളിതാംബിക അന്തർജ്ജനം സ്മാരക പുരസ്കാരം, പ്രേംനസീർ സ്മാരക പുരസ്കാരം.

നിര്യാണം : 1994 ജൂലൈ 5 ന്

മുകളിൽ കൊടുത്ത സൂചനകൾ വാക്യങ്ങളാക്കി മാറ്റുക. തുടർന്ന് അദ്ദേഹത്തിന്റെ ജീവചരിത്രക്കുറിപ്പായി മാറ്റി എഴുതൂ.. അതിൽ നിങ്ങൾക്കിഷ്ടപ്പെട്ട ബഷീറിന്റെ കൃതിയേയും സൂചിപ്പിക്കാം.